കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT), കേരളം
0471 2346113, 2516354

# സർക്കുലർ

**സ്കൂൾ വിദ്യാർത്ഥികൾക്ക് ഉന്നതപഠനംവരെ സ്കോളർഷിപ്പ് ലഭിക്കാൻ അവസരമൊരുക്കുന്ന നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ (എൻ.റ്റി.എസ്.ഇ.) 2020 ഡിസംബർ 13 ന് നടക്കുകയാണ്. അതിനായുള്ള അപേക്ഷകൾ 2020 ഒക്ടോബർ മാസം 17 മുതൽ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ (www.scertkerala.gov.in) ഓൺലൈനായി ലഭ്യമാകുന്നതാണ്.**

## നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ
## (NTS പരീക്ഷ) 2020 - 21

എൻ.റ്റി.എസ്.ഇ. സംസ്ഥാനതല പരീക്ഷയിൽ പത്താം ക്ലാസ് വിദ്യാർത്ഥികളാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. സംസ്ഥാനതല എൻ.റ്റി.എസ്.ഇ. പരീക്ഷാ വിജയികളെ ഉൾപ്പെടുത്തി ദേശീയതല പരീക്ഷ നടത്തി അതിൽ വിജയിക്കുന്നവർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

**യോഗ്യത :** സർക്കാർ എയ്ഡഡ്, കേന്ദ്രീയ വിദ്യാലയ, നവോദയ വിദ്യാലയ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങി മറ്റ് അംഗീകൃത സ്കൂളുകളിൽ പത്താംക്ലാസിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗ് (ODL) വഴി രജിസ്റ്റർ ചെയ്ത് പതിനെട്ട് വയസ്സിന് താഴെ പത്താംക്ലാസിൽ ആദ്യതവണ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഒൻപതാം ക്ലാസിൽ അവസാനം എഴുതിയ പരീക്ഷയിൽ ഭാഷേതര വിഷയങ്ങൾക്കായി 55% ൽ കുറയാത്ത മാർക്ക് ലഭിച്ചിരിക്കണം.

അപേക്ഷകർ ഫോട്ടോ, ആധാർകാർഡ്, അംഗപരിമിതിയുള്ളവർ അത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST), ഒ.ബി.സി. വിഭാഗത്തിൽ റിസർവേഷന് അർഹതയുള്ളവർ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സംവരണത്തിന് അർഹതയുള്ളവർ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ നിശ്ചിത ഫോർമാറ്റിൽ ഓൺലൈൻ ആയി അപേക്ഷിക്കുന്നതിന് കാലേക്കൂട്ടി കരുതേണ്ടതാണ്.

**ഫീസ് :** പൊതുവിഭാഗത്തിന് 250 രൂപയും എസ്.സി./ എസ്.റ്റി വിഭാഗങ്ങൾക്ക് 100 രൂപയുമാണ്.

മറ്റു വിവരങ്ങൾ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ നൽകുന്നതായിരിക്കും.

വിശദ വിവരങ്ങൾക്ക് 0471 2346113 എന്ന നമ്പറിലോ ntsescertkerala@gmail.com എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**ഡയറക്ടർ**
എസ്.സി.ഇ.ആർ.ടി കേരളം